# വിഷമുള്ള പച്ചക്കറികൾ ആരോഗ്യത്തിന് ഭീഷണിയാകുന്നു.

സി.ഡി.സുനീഷ്.

പുൽപ്പള്ളി : അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലെ രാസവിഷം കേരളത്തിലെ ഉപഭോക്താക്കളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്നു

പച്ചക്കറികളിൽ ഉപയോഗിക്കുന്ന അമിതമായ രാസവിഷ പ്രയോഗമാണ് പ്രശ്നങ്ങൾക്ക് കാരണം. തമിഴ്നാട്ടിൽ നിന്നും,കർണ്ണാടകത്തിൽ നിന്നുമാണ് വയനാട്ടിലേക്ക് പച്ചക്കറിയെത്തുന്നത്. അവിടത്തെ കർഷകർ കൂടുതൽ ലാഭത്തിനായി യാതൊരു മാനദണ്ഡവും പാലിക്കാതെ രാസവിഷം ഉപയോഗിക്കുകയാണ്.ഇതു മൂലം ഇടക്കിടെ വരുന്ന തലവേദനയുടെയും,നേത്ര രോഗങ്ങളുടെയും ഇരകളായിരിക്കയാണ് വയനാടൻ ഉപഭോക്താക്കൾ.

പച്ചക്കറികൾ ദിവസങ്ങളോളം കേടുകൂടാതിരിക്കാനും,കീടശല്യമകറ്റാനുമാണ് കർഷകർ വിഷപ്രയോഗത്തിലേർപ്പെടുന്നത്.കാബേജിലും ക്വാളിഫ്ളവറിലും പുഴുക്കുത്ത് എല്ലാതിരിക്കാൻ ലോറിയിൽ കയറ്റുന്നതിന് തൊട്ടു മുമ്പ് വരെ കീടനാശിനിയിൽ ഇവ മുക്കിവിടുന്നവർ മേട്ടുപാളയം,പൊള്ളാച്ചി,ഊട്ടി,മൈസൂർ, ഗുണ്ടൽപേട്ട് എന്നിവിടങ്ങളിലുണ്ട്.

കാബോഫ്യൂറാൻ,ഫോറേറ്റ് തുടങ്ങി തരി രൂപത്തിലുള്ള രാസവിഷമാണ് പച്ചക്കറികളിൽ പ്രയോഗിക്കുന്നത്. ഒന്നു മുതൽ മൂന്നു മാസം വരെ ഈ രാസവിഷ പ്രയോഗം നടത്തുന്നത്.

ഇതിനെ നേരിടാൻ നാണ്യവിളകളിൽ മാത്രം ശ്രദ്ധ ചെലുത്താതെ ജൈവ പച്ചക്കറി കൃഷിയിൽ സ്വാശ്രയത്ത്വം നേടുകയേ മാർഗ്ഗമുള്ളൂ.ഇതിലൂടെ പ്രകൃതി സംരക്ഷണവും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുന്നു. വയനാട്ടിലെ സ്ത്രീകളുടെ നേതൃത്വത്തിലുള്ള സ്വാശ്രയസംഘങ്ങൾ ഈ വഴിക്ക് തുടക്കമിട്ടത് മാതൃകാപരമായ പ്രവർത്തനമാണ്.ഇതു തന്നെയാണ് ശരിയായ പ്രതിരോധവും.